# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 130 25.04.2017 ൽ മറുപടിയ്ക്ക്

## പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യില്ലെന്ന പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) അതിർത്തി തർക്കത്തെത്തുടർന്ന് എതിർ കക്ഷികൾ കൈയ്യേറ്റം ചെയ്യുകയും സ്ത്രീയെന്ന പരിഗണന നൽകാതെ പണിക്കാരുടെ മുന്നിൽ വച്ച് പരസ്യമായി ചീത്ത വിളിക്കുകയും ചെയ്ത സംഭവത്തിൽ ശ്രീമതി. രത്നമ്മ, സുഭദ്രാസദനം, കട്ടേല, ശ്രീകാര്യം ബഹു. മുഖ്യമന്ത്രിക്ക് eptn.2013/2017 പ്രകാരം E പെറ്റീഷൻ നൽകുകയും ഇതേ ആവശ്യം ഉന്നയിച്ച് ഡി.ജിപിക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും തിരുവനന്തപുരം വനിതാ പോലീസ് സ്റ്റേഷനിലും ptn no. 67/2017 dtd. 22/3/2017 ൽ നൽകിയ പരാതിയിൽ പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) ശ്രീമതി. രത്നമ്മ, സുഭദ്രാസദനം, കട്ടേല, ശ്രീകാര്യം എന്നയാൾ മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും ശ്രീകാര്യം പോലീസ് സ്റ്റേഷനിലും നൽകിയ പരാതികളിന്മേലുള്ള അന്വേഷണത്തിൽ പരാതികക്ഷി മനഃപൂർവ്വം നിർമ്മാണ പ്രവർത്തനങ്ങൾ തടയുക എന്ന ഉദ്ദേശ്യത്തോടുകൂടി അതിരുകെട്ടാൻ വാനം കുഴിച്ചതിൽ പരാതികക്ഷി കിടന്നതായും ആയത് പരാതിക്കാരിയുടെ എതിർകക്ഷി ക്യാമറയിൽ പകർത്തിയത് അന്വേഷണത്തിന്റെ ഭാഗമായി പോലീസ് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. വഴിക്കായി ഉപയോഗിക്കുന്ന ഒരു സെന്റ് സ്ഥലം പരാതിക്കാരിയുടെ എതിർകക്ഷികൾ വാങ്ങാത്തതിലുള്ള വിരോധം നിമിത്തമാണ് ഇത്തരത്തിൽ ഒരു പരാതി നൽകാൻ ഇടയായതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പരാതിക്കാരി പരാതിയിൽ പറയുന്ന കാര്യങ്ങളൊന്നും തന്നെ സംഭവിച്ചിട്ടില്ല എന്ന് വെളിവായതിനാൽ മറ്റ് നിയമ നടപടികൾ ഒന്നും തന്നെ മേൽ പരാതികളിന്മേൽ പോലീസ് സ്വീകരിച്ചിട്ടില്ല.<br><br>ശ്രീമതി.രത്നമ്മ, തിരുവനന്തപുരം സിറ്റി വനിതാ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി (പെറ്റീഷൻ നം.67/Ptn/17) വനിതാ പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽ വസ്തു സംബന്ധമായ തർക്കമായതിനാൽ കോടതി മുഖാന്തിരം പരിഹാരം കാണുവാൻ പരാതിക്കാരിയോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. |

(ബി) പ്രസ്തുത പരാതിക്കാരിയുടെ മൊഴി പോലീസ് എടുത്തിട്ടുണ്ടോ; ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; ശ്രീകാര്യം പോലീസ് എന്ത് തുടർ നടപടി സ്വീകരിച്ചു;

(ബി) 29/03/2017-ാം തീയതി വനിതാ പോലീസ് ഉദ്യോഗസ്ഥ പരാതിക്കാരിയുടെ വിലാസത്തിൽ പോയി മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. മൊഴി രേഖപ്പെടുത്തുവാൻ കാലതാമസം ഉണ്ടായിട്ടില്ല. അന്വേഷണത്തിൽ പരാതി സംഗതി കെട്ടിച്ചമച്ചതായതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഈ പരാതിയിൽ FIR രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;എന്നാണ് FIR രജിസ്റ്റർ ചെയ്തത്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ശ്രീകാര്യം പോലീസ് കുറ്റക്കാരെ ചോദ്യം ചെയ്തിട്ടുണ്ടോ; ഈ കേസ്സ് ചാർജ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(സി) അന്വേഷണത്തിൽ പരാതി സംഗതി കെട്ടിച്ചമച്ചതായതിനാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല. പരാതിയുടെ മറുപടി ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ നിന്നും തപാൽ മാർഗ്ഗം ആവലാതിക്കാരിക്ക് അയച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.